# ചലച്ചിത്രഗാനം: ദേശസ്വത്വത്തിന്റെ ആഖ്യാനങ്ങൾ

ഡോ. വി. ലിസി മാത്യു



ചലച്ചിത്രഗാനം: ദേശസ്വത്വത്തിന്റെ ആഖ്യാനങ്ങൾ

ഡോ. വി. ലിസി മാത്യു
(മലയാളം: ലേഖനം)

© 2026, Dr. V. Lissy Mathew

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.


Cover: Rolling Meadows of Vagamon, Kerala, a photograph by Bibin C. Alex. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചലച്ചിത്രഗാനം: ദേശസ്വത്വത്തിന്റെ ആഖ്യാനങ്ങൾ

ഒരു വ്യക്തിയുടെ സ്വത്വം സാമൂഹികവും ദേശപരവുമായ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന ഒന്നാണ്. ഭാഷാപരമായും ചരിത്രപരമായും സാംസ്കാരികമായും വിശ്വാസപരമായും മറ്റുമുള്ള അവബോധങ്ങളെ പൊതുവായി പങ്കു വെയ്ക്കുന്ന കൂട്ടായ്മയുടെ ആകത്തുക എന്ന നിലയിൽ ദേശസ്വത്വത്തെ വിലയിരുത്താം. ദേശമാകട്ടെ ഭരണപരമോ ഭൂമിശാസ്ത്രപരമോ ആയ അതിർത്തികളെ പല സന്ദർഭങ്ങളിലും അവഗണിക്കുന്ന ഒന്നാണ് താനും.

ദേശത്തിന്റെ പൊതു എന്നു വ്യവഹരിക്കപ്പെടുന്ന എല്ലാ ഘടകങ്ങളുടേയും സാന്നിധ്യവും സ്വാധീനവും ഇന്ന് സംസ്കാര നിർണയത്തിന്റെ അളവുകോലായി തീരുന്നുണ്ട്. വ്യക്തിയ്ക്കു സ്വയം മനസ്സിലാക്കാനും തിരിച്ചറിയാനും അവസരം നല്കുന്ന ഈ കൂട്ടായ്മ പലപ്പോഴും അയാളുടെ അഭിമാനമായി മാറുന്നു. വസ്ത്രം, കലകൾ, കാലാവസ്ഥ, പ്രകൃതി, ഭക്ഷണം, സംഗീതം, പാചകം, ഗൃഹനിർമ്മാണം, ജനമുന്നേറ്റങ്ങൾ ഇതെല്ലാം പൊതുവായി പങ്കുവെയ്ക്കുന്ന ഒന്ന് എന്ന നിലയിൽ വ്യക്തിയുടെ സ്വത്വത്തെ സ്വാധീനിക്കുന്നു.



റൊളാങ് ബാർത്ത്

ദേശം എന്ന സങ്കല്പത്തിന്റെ നിലനില്പിനു പ്രാദേശികമായ അതിർത്തികൾക്കപ്പുറത്ത് വിനിമയം ചെയ്യപ്പെടുന്ന ആശയസംഹിതകളുടെയോ ആഖ്യാനങ്ങളുടെയോ പിൻബലം ആവശ്യമാണ്. ആഖ്യാനം എന്നതിന് സാഹിത്യ സൃഷ്ടികൾ എന്ന നിലയിലുള്ള പരിഗണനയല്ല ഇന്നുള്ളത്. ആഖ്യാനത്തിന്റെ വൈചിത്ര്യത്തെയും വൈപുല്യത്തെയും കുറിച്ച് വാചാലനാകുന്ന റൊളാങ് ബാർത്ത്, മനുഷ്യ കഥാനുഗായിയാകാൻ തക്കതായ വാമൊഴി-വരമൊഴി പാരമ്പര്യത്തെയും മിത്തുകളെയും ഐതിഹ്യങ്ങളേയും ആംഗ്യചലനങ്ങളേയും ബിംബങ്ങളേയും വ്യത്യസ്ത സാഹിത്യരൂപങ്ങളേയും ചിത്രകലയേയും സിനിമയേയുമെല്ലാം ആഖ്യാനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നു. ദേശസ്വത്വത്തെക്കുറിച്ച് ഏറെ പഠനങ്ങൾ നടത്തിയ എ. ഡി. സ്മിത്ത് നാടോടിക്കഥകൾക്കും പുരാവൃത്തങ്ങൾക്കും അവയുടെ പശ്ചാത്തലത്തിലുള്ള സ്ഥലബോധത്തിനും ജനമനസ്സിൽ രൂപപ്പെട്ട കല്പനകൾക്കുമെല്ലാം ദേശബോധത്തെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കുണ്ടെന്നു പറയുന്നു. ഇവയെല്ലാം ചേർന്ന് ഉണ്ടാക്കിയെടുത്ത ഇടം എന്ന നിലയിൽ ദേശത്തെ തങ്ങളുടെ ഇടമായി തിരിച്ചറിയുന്ന സ്വത്വനിർമ്മിതി ഏറെ പ്രധാനപ്പെട്ടതാണ്.

മലയാളി എന്നോ കേരളീയൻ എന്നോ ഉള്ള പ്രയോഗം കേരളാതിർത്തിക്കുള്ളിൽ പരിമിതപ്പെടുന്ന ഒന്നല്ല. കേരളത്തിനു പുറത്തും ഇന്ത്യക്കു പുറത്തുമാണ് ഈ പദപ്രയോഗത്തിന്റെ സാധ്യത വർദ്ധിക്കുന്നത്. ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിപ്പിക്കുന്ന ഒരു പ്രധാന ഘടകം ഗൃഹാതുരതയാർന്ന ദേശബോധമാണ്. അതിൽ കേരളീയ ഭൂപ്രകൃതിയും പ്രകൃതി വിഭവങ്ങളും പക്ഷി മൃഗാദികളും സസ്യലതാദികളും കാർഷിക സംസ്കൃതിയും കാലാവസ്ഥയും കേരളീയ ഭക്ഷണവും ആചാരാനുഷ്ഠാനങ്ങളുമെല്ലാം ഇടം പിടിക്കുന്നു. ഈ സവിശേഷതകൾ വ്യത്യസ്തങ്ങളായ ആഖ്യാനങ്ങളിലൂടെ ഓരോ മലയാളിയെയും സ്വാധീനിക്കുന്ന പൊതുഘടകങ്ങളായി മാറി. ഈ ബോധം രൂപപ്പെടുത്തുന്നതിൽ ഏറ്റവും ജനപ്രിയമായ ഒരു ആഖ്യാനരൂപം എന്ന നിലയിൽ ചലച്ചിത്രഗാനങ്ങൾ ഗണ്യമായ പങ്കുവഹിച്ചു.

മാതൃഭാഷ ഒന്നായിരുന്നുവെങ്കിലും കേരള സംസ്ഥാനം 1956-ൽ രൂപംകൊള്ളുന്നതിനു മുമ്പ് കേരളീയർ മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങളിലെ ജനതയായിരുന്നു. കേരളം വ്യത്യസ്ത നാട്ടുരാജ്യങ്ങളുടെ സംഘാതമായിരുന്ന കാലത്തും പിന്നീടും ഈ പ്രദേശങ്ങൾക്കിടയിൽ നിരവധി വിലക്കുകൾ നിലനിന്നിരുന്നു. കോരപ്പുഴ കടന്നാൽ വടക്കേ മലബാറുകാരൻ സമൂഹത്തിൽ ഭ്രഷ്ടനാകും. കടൽ കടന്നാലും സ്ഥിതി വ്യത്യസ്തമല്ല. സ്വദേശാഭിമാനിയെ നാടുകടത്തിയത് കണ്ണൂരിലേക്കാണ്. ടിപ്പുവിന്റെ ആക്രമണ കാലത്ത് മലബാറിലെ സവർണ്ണ ഹൈന്ദവർ തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. പൂരോത്സവ കാലത്ത് കാമദേവനെ യാത്രയാക്കുന്ന മലബാറിലെ കന്യകമാർ കാമനെ തെക്കോട്ടു പോകുന്നതിൽ നിന്നു വിലക്കുന്നു. ഈ സന്ദർഭങ്ങളിലെല്ലാം അവർ കാത്തുസൂക്ഷിക്കാനാഗ്രഹിച്ചത് ദേശീയമായ തങ്ങളുടെ തനിമയെ ആണെന്നു കാണാം. ഇത്തരം പ്രാദേശികതകളെ മറികടന്ന് കേരളീയന്റെ ദേശസ്വത്വം നിർണയിക്കുന്നതിൽ കേരള സംസ്ഥാനം രൂപംകൊണ്ട കാലത്തെ ഏറ്റവും ജനപ്രിയ ആഖ്യാനം എന്ന നിലയിൽ ചലച്ചിത്രഗാനങ്ങൾക്ക് പ്രധാന പങ്കുണ്ട്.

1938-ൽ പുറത്തിറങ്ങിയ മലയാളത്തിലെ ആദ്യ ശബ്ദചിത്രമായ 'ബാലൻ' മലയാള ചലച്ചിത്ര ഗാനശാഖക്കു തുടക്കം കുറിച്ചു. മൂന്നോ നാലോ മിനിട്ടുകൾക്കുള്ളിൽ പാടാവുന്ന ഒന്നാണ് ഇന്ന് സിനിമാഗാനങ്ങളെങ്കിലും ആദ്യകാലത്ത് ഇവ രൂപപരമായി വളരെ സങ്കീർണ്ണത പുലർത്തിയിരുന്നു എന്നു കാണാം. ബാലനിലെ ഇരുപത്തിമൂന്നു ഗാനങ്ങളും വ്യത്യസ്ത ആലാപന കാലദൈർഘ്യം ഉള്ളവയാണ്. കേവലം രണ്ടു വരികളുള്ള ഗാനങ്ങളും ഇതിൽ ഉണ്ട്. ആദ്യകാലത്ത് തമിഴ്, ഹിന്ദി സിനിമാഗാനങ്ങളുടെ ഈണമുപയോഗിച്ചോ, മറ്റുതരത്തിൽ കേരളീയേതരമായ സ്വാധീനത്താലോ ആണ് ഈ ഗാനശാഖ വികസിച്ചു വരുന്നത്. തത്വചിന്തയോ നാടൻ ശീലുകളോ യുദ്ധപശ്ചാത്തലമോ നാട്ടിൻപുറത്തിന്റെ ശാലീനതയോ പ്രണയത്തിന്റെ തീവ്രഭാവമോ ആദ്യകാല മലയാള സിനിമാഗാനങ്ങളുടെ പശ്ചാത്തലവും പ്രമേയവുമായി. കേരളീയമല്ലാത്ത നിരവധി ഘടകങ്ങൾ ഉണ്ടായിട്ടു കൂടി മലയാളിയെ ഭാവപരമായി ഒന്നിപ്പിക്കാൻ അവയ്ക്കു കഴിഞ്ഞു എന്നതാണ് ഈ ഗാനങ്ങൾ നിർവ്വഹിച്ച ചരിത്രദൗത്യം.

തമിഴ് സംഗീത നാടകത്തിന്റെയും പിന്നീട് നാടകഗാനങ്ങളുടെയും ജനപ്രീതി ചലച്ചിത്രഗാനങ്ങളെ സ്വാധീനിച്ച ഒരു ഘടകമാണ്. പിന്നീട് അന്യഭാഷകളിൽ നിന്നുള്ള സ്വാധീനം ക്രമേണ കുറഞ്ഞു വരികയും കേരളീയത ഗാനങ്ങളിൽ നിറയുകയും ചെയ്തു. ബാലനിലെ ഗാനമായ

> 'ആഘോഷങ്ങളെന്തു ചൊല്ലാം ദിവ്യമാകും
> ഈ ദിനത്തിൽ... ഓണം തിരുവോണം...'

എന്ന ഗാനത്തിൽ ഓണത്തിന്റെ ആഹ്ലാദം തുടിച്ചു നിൽക്കുന്നു. കേരളത്തനിമയും പാരമ്പര്യവും പ്രകൃതി സൗന്ദര്യവുമെല്ലാം സവിശേഷമായ ഒരു സൗന്ദര്യം ചലച്ചിത്രഗാനശാഖയ്ക്കു നൽകുന്നുണ്ട്. രാജസദസ്സുകളിലോ ക്ഷേത്രാങ്കണത്തിലോ പരിമിതപ്പെട്ടിരുന്നതും പൊതു സമൂഹത്തിലെ നിരക്ഷരരും പരിജ്ഞാനമില്ലാത്തവരുമായിരുന്ന ബഹുഭൂരിപക്ഷത്തിന്റേയും ആസ്വാദനശേഷിക്ക് അന്യമായിരുന്നതുമായ ശാസ്ത്രീയസംഗീതം പോലുള്ളവയെ മാറ്റി നിർത്തിക്കൊണ്ട് നാടൻ പാട്ടിലൂടെയും നാടകത്തിലൂടെയും പിന്നീട് ചലച്ചിത്രത്തിലൂടെയും രൂപം കൊണ്ട് ഗാനശാഖ ഏറെ ജനപ്രിയമായി.

കേരള സംസ്ഥാനം രൂപപ്പെടുന്നതിനു മുമ്പ് ആ പേരിലടങ്ങിയിരുന്നത് മലയും കടലും അതിരായിട്ടുള്ള തലങ്ങും വിലങ്ങും നദികൾ ഒഴുകുന്ന സസ്യശ്യാമളമായ ഒരു പ്രദേശമായിരുന്നു. പക്ഷേ, കേരളീയന്റെ വിലാസം വിവിധ മഹാരാജാക്കന്മാരുടെ അധികാര പരിധിയിൽ തിരിച്ചറിയപ്പെട്ടു. തിരുവിതാംകൂറുകാരനും കൊച്ചിക്കാരനും മലബാറുകാരനും മലയാളിയുടെ പൊതു മണ്ഡലത്തെ പങ്കുവച്ചു.

> 'ബാലനി'ലെ പ്രസിദ്ധമായ
> 'ഭാരതത്തിൽ പൊൻവിളക്കാം
> കേരള മേദിനിദേവി'

എന്ന ഗാനം പങ്കുവയ്ക്കപ്പെട്ട മലയാളിത്തത്തിന്റെ മികച്ച ഉദാഹരണമാണ്. കേരളത്തെക്കുറിച്ച് അക്കാലത്തെ ഗാനങ്ങളിൽ സാധാരണമായിരുന്ന പൊതു ധാരണ തന്നെയാണ് ഈ ഗാനത്തിലുള്ളത് എന്ന് ഒറ്റനോട്ടത്തിൽ തോന്നും.

> "പച്ചനീരാളപ്പുതപ്പിൽ
> സ്വച്ഛത കലർന്നു പല
> മെച്ചമേറും മലകളാം
> തരുനിരയും
>
> വെണ്മയേറും നദികളും
> പൊൻകസവാം ചാലുകളും"

ഉള്ള സാക്ഷാൽ കേരളം, പക്ഷേ, കേരളത്തിലെ രാജാവാകട്ടെ അയിത്ത സംഹാരം നടത്തി ക്ഷേത്രപ്രവേശനത്തിന് അവസരമുണ്ടാക്കിയ തിരുവിതാംകൂറിലെ വഞ്ചീശനും.

കൊച്ചിക്കാരുടെ സിനിമയായിരുന്നു 'നിർമല' (1948). കേരളപ്പിറവിക്ക് എത്രയോമുമ്പ് നിർമ്മിക്കപ്പെട്ടതാണത്. ആദ്യമായി പിന്നണിഗാനം എന്ന സമ്പ്രദായം പരീക്ഷിച്ചത് നിർമലയിലാണ്. ആ നിലയിൽ തന്നെ മലയാള പിന്നണിഗാന ചരിത്രത്തിലെ നിർണ്ണായക സ്ഥാനം നിർമലയ്ക്കുണ്ട്. മഹാകവി ശങ്കരക്കുറുപ്പ് ഗാനരചന നടത്തിയ ഏകസിനിമയും നിർമലയാണ്. തമിഴ്-ഹിന്ദി ഗാനങ്ങളുടെ അതിരുകടന്ന സ്വാധീനമാണ് ഈ വഴിയിൽ മുന്നേറുന്നതിൽ നിന്നും കുറുപ്പിനെ പിൻതിരിപ്പിച്ചത്. എന്തായാലും 'നിർമല മലയാള സിനിമാ ചരിത്രത്തിൽ നിരവധി പുതുമകൾ സമ്മാനിച്ച ഒരു സൃഷ്ടി'യാണ്.

> പാടുക പൂങ്കുയിലേ, കാവുതോറും പാടുക,

എന്നാരംഭിക്കുന്ന മനോഹരമായ പ്രണയ ഗാനം, കുയിലിനെയും വസന്തത്തെയും കാവിൽ ചേർത്തു വച്ചുകൊണ്ടു അനുരാഗം ജീവിതത്തിനു നല്കിയ തരളതയെ വെളിപ്പെടുത്തുന്നു. കാല്പനികമായ ഭാവനാശേഷി പില്ക്കാല കാവ്യങ്ങൾക്ക് എത്രത്തോളം പ്രയോജനകരമായി എന്ന് ഈ ഗാനം തെളിയിക്കുന്നുണ്ട്. ഇതിലെ ഒരു ഗാനം അറബിക്കടലിന്റെ രാജ്ഞിയായ കൊച്ചിയെ പ്രകീർത്തിക്കുന്നതാണ്. കേരളത്തെയാണ് പുകഴ്ത്തുന്നതെങ്കിലും 1948-ലെ 'നിർമല'യിൽ കേരളം എന്നത് കൊച്ചീരാജ്യം മാത്രമാണ്. രാജഭക്തി എന്നതിനപ്പുറം ഈ സിനിമയുടെ നിർമാണത്തിന് കൊച്ചിരാജകുടുംബാംഗങ്ങൾ കൈയയച്ചു സഹായം നല്കിയതും ഇത്തരം മംഗളാശംസകൾക്കു നിമിത്തമായിട്ടുണ്ടാവാം.

കേരളമെന്ന വിശാല സങ്കല്പത്തിനപ്പുറത്ത് തികച്ചും പ്രാദേശികയാർന്ന കേരള സങ്കല്പത്തിന്റെ ഇടപെടൽ 1956-നു മുമ്പുള്ള സിനിമാ ഗാന രചനയുടെ പ്രത്യേകതയായി കണക്കാക്കാവുന്നതാണ്. അതിർത്തി കടന്നു പോയവർ ഗൃഹാതുരതയോടെ കാണുന്ന കേരളത്തിന്റെ ചിത്രം ഏറെക്കുറെ വിശാലവും വ്യത്യസ്തവുമാണ്.

> "മാമലകൾക്കപ്പുറത്ത്...
> മരതകപ്പട്ടുടുത്ത്
> മലയാളമെന്നൊരു നാടുണ്ട്"

എന്നും

> "നാളികേരത്തിന്റെ നാട്ടിലെനിക്കൊരു
> നാഴിയിടങ്ങഴി മണ്ണുണ്ട്..."

എന്നും മറ്റുമുള്ള മധുരകല്പനകൾ ഭൗതിക സാഹചര്യങ്ങൾ കൊണ്ട് ദരിദ്രനാണെങ്കിലും ഭാവനാവിലാസത്തിൽ സമ്പന്നനായിട്ടുള്ള മലയാളിയുടെ കാഴ്ചപ്പാടിനെ വെളിപ്പെടുത്തുന്നു. നാടിനോടുള്ള സ്നേഹമാണ് അയാളുടെ ഊർജ്ജം. കേരളത്തിന്റെ ഭൂപടം ഇവിടെ തികച്ചും കാല്പനികമായ ഒന്നായി മാറുന്നു.

ചലച്ചിത്ര ഗാനങ്ങൾക്ക് കേരളീയമായ വ്യക്തിത്വം കൊടുക്കുവാൻ അവയ്ക്കു മുമ്പേ അരങ്ങിലെത്തിയ നാടക ഗാനങ്ങൾക്കു കഴിഞ്ഞു. വൈദേശിക ഗാനസമ്പ്രദായങ്ങളുടെയും പൂർവ്വ മാതൃകകളുടെയും സ്വാധീനത്തിൽ നിന്ന് പെട്ടെന്നു മോചനം പ്രാപിച്ചത് മലയാള നാടക ഗാനങ്ങളാണ്.

> 'ചെപ്പു കിലുക്കണ ചങ്ങാതി നിന്റെ
> ചെപ്പുതുറന്നൊന്നു കാട്ടൂലേ',
>
> 'അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തോണ്ട്'
>
> 'പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളെ'

എന്നിങ്ങനെ നാടോടി മുഖഛായയുള്ള ശീലുകൾ വളരെപ്പെട്ടെന്ന് ജനഹൃദയങ്ങളിൽ ഇടം നേടി. നാടകഗാനരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവർ തന്നെയാണ് പില്ക്കാലത്ത് ചലച്ചിത്ര ഗാനരംഗത്തും നിലയുറപ്പിച്ചത്. മലയാളിയുടേതായ ഒരു ഗാനസമ്പ്രദായത്തെ രൂപപ്പെടുത്തുവാൻ ചലച്ചിത്ര ഗാനങ്ങൾക്കു കഴിഞ്ഞു. തെക്കൻ, വടക്കൻ, മലയോര, കടലോര, വൈജാത്യങ്ങളില്ലാതെ മലയാളിയെ ഒരുമിപ്പിക്കാനും ഈ ഗാന പാരമ്പര്യത്തിനു സാധിച്ചിട്ടുണ്ട്. സ്വദേശിയും വിദേശിയുമായ നിരവധി ഘടകങ്ങളുടെ സ്വാധീനത്തിൽ കേരളീയമെന്നു പറയാവുന്ന ഒരു ആലാപന അന്തരീക്ഷം ഇവിടെ സംജാതമായി.

കേരളത്തിൽ പ്രാദേശികമായി നിലവിലുള്ള നാടൻശീലുകളെയും ഗോത്രപാരമ്പര്യത്തെയും ഗൗരവത്തോടെ ഉൾക്കൊണ്ട് ദേശത്തിന്റെ പരിമിതികളെ മറക്കാനും മലയാളിയെ ഒന്നിപ്പിക്കാനും ചലച്ചിത്ര ഗാനത്തോളം പ്രയോജനപ്പെട്ട മറ്റൊരു മാധ്യമമില്ല. ഓരോ പ്രദേശങ്ങളിലായി നിലനിന്ന വഞ്ചിപ്പാട്ടും തോറ്റം പാട്ടും തെക്കൻ പാട്ടും വടക്കൻ പാട്ടും ഊഞ്ഞാൽ പാട്ടും തേക്കു പാട്ടും കല്യാണപ്പാട്ടും തിരുവാതിരപ്പാട്ടും മാപ്പിളപ്പാട്ടും പടയണിപ്പാട്ടും കോതാമൂരിപ്പാട്ടുമെല്ലാം സമൃദ്ധമായി ഉപയോഗിച്ചുകൊണ്ട് അവയെ ദേശപരിധിയിൽ നിന്നും ചലച്ചിത്രഗാനങ്ങൾ ഉയർത്തിയെടുത്തു.

1. പാർവണേന്ദുമുഖി പാർവതി...
2. കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ കുയിലാളേ...
3. കായലരികത്ത് വലയെറിഞ്ഞപ്പോൾ...
4. കറുത്തപെണ്ണേ...
5. ഡപ്പ് ഡപ്പ് ജാനകി, വെള്ളം കോരാൻ പോയപ്പോൾ...
6. അപ്പക്കുട്ടാ തൊപ്പിക്കാരാ...

ഈ വസ്തുത ഉദാഹരിക്കാൻ ഇങ്ങനെ നിരവധി പാട്ടുകളുണ്ട്.

കേരളീയമായ വാദ്യോപകരണങ്ങൾക്ക് ജാതീയമായ ഒരു പാരമ്പര്യമുണ്ട്. തുടി, തപ്പ്, പുള്ളുവ വീണ, മിഴാവ്, ഇടയ്ക്ക, തിമില, പാണി, ചീനിക്കുഴൽ, ചെണ്ട, അറബന തുടങ്ങിയവയ്ക്ക് നിശ്ചയിക്കപ്പെട്ട വാദ്യകാരൻമാരും സന്ദർഭങ്ങളുമുണ്ട്. അത്തരം വേർതിരിവുകളെ മാറ്റിനിർത്തിക്കൊണ്ട് മലയാള സംഗീതത്തിന്റെ പൊതുധാരയിലേക്ക് അവയെ ഏകോപിപ്പിക്കുവാൻ ചലച്ചിത്രഗാനങ്ങൾക്കു കഴിഞ്ഞു. കൂടാതെ നാദസ്വരം, പഞ്ചാരി മേളം, പാണ്ടിമേളം തുടങ്ങിയ വ്യത്യസ്ത സംഗീത സ്രോതസ്സുകളെയും, ഗസൽ, കർണ്ണാടകസംഗീതം, ഹിന്ദുസ്ഥാനി സംഗീതം തുടങ്ങിയ സമ്പ്രദായങ്ങളെയും രാഗങ്ങളെയും താളങ്ങളെയും സമന്വയിപ്പിക്കുന്ന സാംസ്കാരിക തലം കൂടി മലയാള ചലച്ചിത്ര ഗാനശാഖ സംഭാവന ചെയ്തു.

മലയാളിക്ക് പൊതുവെ പരിചിതമല്ലാത്ത നിരവധി മിത്തുകളും പഴഞ്ചൊല്ലുകളും നാടൻ കഥകളും ആചാരവിശേഷങ്ങളും സിനിമാഗാനങ്ങളിലൂടെ മലയാളിയുടെ പൊതു അനുഭവമായി മാറിയിട്ടുണ്ട്. ചെമ്മീനിലെ 'പണ്ടൊരു മുക്കുവൻ' എന്നാരംഭിക്കുന്ന ഗാനത്തിലെ വിശ്വാസങ്ങൾ ഇന്ന് അരയസമുദായത്തിനു മാത്രമല്ല മലയാളിക്കു മുഴുവൻ പരിചിതമാണ്. അതു പോലെ

> "മൈനാകം കടലിൽ നിന്നുയരുന്നുവോ"
>
> "മണവാളൻ പാറ ഇതു മണവാട്ടിപ്പാറ"

എന്നിങ്ങനെയുള്ള ഗാനങ്ങളിലും മുഖ്യമായിട്ടുള്ളത് മിത്തുകളുടെ പ്രാദേശിക സൗന്ദര്യമാണ്.

> 'അയിലാ പോരിച്ചതുണ്ട്
> കരിമീൻ വറുത്തതുണ്ട്,
> ഉപ്പിലിട്ട മാങ്ങയുണ്ട്,
> ഉണ്ണാൻ വാ മച്ചുനനേ...'

എന്ന പാട്ട് സസ്യ ഭുക്ക് എന്നോ മാംസഭുക്ക് എന്നോ വേർതിരിക്കാതെ മലയാളിയെ അഭിസംബോധന ചെയ്തു കൊണ്ട് കൊതിയുടെ രുചിക്കൂട്ടുകൾ സൃഷ്ടിക്കുന്നു.

പുഴകളും കായലുകളും വയലുകളും മലയാളിക്ക് പൊതു അനുഭവമാകുന്നതും ചലച്ചിത്ര ഗാനങ്ങളുടെ കരുത്തിലാണ്.

> 'പെരിയാറെ പെരിയാറെ...'
>
> 'ആയിരം പാദസരങ്ങൾ കിലുങ്ങി...'
>
> 'വണ്ണാത്തിപ്പുഴയുടെ തീരത്ത്...'
>
> 'വൈക്കം കായലിലോളം തല്ലുമ്പോൾ...'
>
> 'നീരാടുവാൻ നിളയിൽ നീരാടുവാൻ...'
>
> 'അഷ്ടമുടിക്കായലിലെ...'

എന്നിങ്ങനെയുള്ള പാട്ടുകൾ ഓരോ മലയാളിയും കേരളീയ പ്രകൃതി സൗന്ദര്യത്തെ ഹൃദയത്തോടു ചേർത്തുവെച്ചതിന്റെ സൂചനയാണ് നല്കുന്നത്.

> 'കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം'

എന്ന ഗാനം അല്പം കുസൃതിത്തരത്തോടുകൂടി ആലപിക്കപ്പെടുമ്പോൾ പഴഞ്ചൊല്ല് മലയാളിയുടെ പൊതുവായ അനുഭവമായി മാറുന്നു.

എന്തിനെയും സ്വന്തമായ അനുഭവമാക്കി പരിവർത്തിപ്പിക്കുന്ന സവിശേഷതയാണ് മലയാള ചലച്ചിത്രഗാനശാഖയെ ഏറ്റവും ജനകീയമാക്കിയത്.

> 'കുടമുല്ല പൂവിനും മലയാളി പെണ്ണിനും
> ഉടുക്കാൻ വെള്ളപ്പുടവ കുളിക്കാൻ
> പനനീർ ചോല'

എന്ന ആഖ്യാനത്തിൽ പൂവും പെണ്ണും പ്രകൃതിയും ഞാറ്റുവേലയുമെല്ലാം കേരളീയത എന്ന വശ്യതയിൽ ഒരുമിക്കുന്നു. മലയാളി പെണ്ണിന്റെ വ്യക്തിത്വം ദേശപരമോ ജാതീയമോ മതപരമോ തൊഴിൽപരമോ ആയ വേർതിരിവുകളെ മറികടന്ന് ശാലീനതയുടെയും സഹനത്തിന്റേയും മൂർത്തീഭാവമായി ജ്വലിക്കുന്നു. മലയാളിയായ കഥാപാത്രമല്ലാതിരുന്നിട്ടു കൂടി ശകുന്തളയെ ഒരൊറ്റ ഗാനത്തിലൂടെ മലയാളിയാക്കിമാറ്റിയ കാവ്യരചയിതാവിന്റെ കരുത്താണ് മലയാള ചലച്ചിത്രഗാനത്തിന് എന്നും പ്രചോദനമായിട്ടുള്ളത്.

> ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ,
> ശാരദസന്ധ്യകൾ മരവുരി ഞൊറിയുമ്പോൾ,
>
> മാനത്തെ വനജ്യോത്സ്ന നനയ്ക്കുവാൻ
> പൗർണമി മൺ കുടം കൊണ്ടു നടക്കുമ്പോൾ,
>
> നീലക്കാർമുകിൽ കരിവണ്ടു മുരളുമ്പോൾ,
> നീലക്കാടുകൾ മലർമെത്ത വിരിക്കുമ്പോൾ

ശകുന്തളയെ ഓർമ്മ വരുന്നു. ഗൃഹാതുരത്വത്തോടെ ഈ കന്യക മലയാളിയുടെ സൗന്ദര്യസാന്നിധ്യമാകുന്നു. അങ്ങനെ ഭാഷ കൊണ്ടും ഭാവന കൊണ്ടും മലയാളിയുടെ അനുഭവങ്ങളെ പ്രാദേശികതകൾക്കപ്പുറത്തേക്ക് വളർത്തിയ ചലച്ചിത്രഗാനങ്ങൾ മലയാളിയുടെ ഏറ്റവും പ്രബലമായ പൊതു അനുഭവമാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നുണ്ട്. □

## ഡോ. വി. ലിസി മാത്യു

സീനിയർ പ്രൊഫസർ, മല
യാളവിഭാഗം, ശ്രീ ശങ്കരാചാ
ര്യ സംസ്കൃത സർവ്വകലാശാല,
കാലടി.



# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014